**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6635** **11-07-2024 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാര വികസനത്തിൽ സ്വകാര്യമേഖലയുടെ പങ്കാളിത്തം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ വിനോദസഞ്ചാര മേഖലയുമായി ബന്ധപ്പെട്ട സാധ്യതകളും പ്രശ്നങ്ങളും സമഗ്രമായി വിലയിരുത്തി വിനോദസഞ്ചാര വികസനത്തിനായി ഒരു പുതിയ നയസമീപനം സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) | കേരളത്തിന്റെ വികസനത്തിന് ടൂറിസം മേഖല ഒരു പ്രധാന പങ്ക് വഹിക്കുന്നു. ഇതിന്റെ ഭാഗമായി കേരളാ വിനോദസഞ്ചാര നയം 2017-ൽ തയ്യാറാക്കിയിട്ടുണ്ട്. പുതിയ നയം രൂപീകരിക്കുന്നത് സംബന്ധിച്ച് സർക്കാർ തലത്തിൽ പരിശോധിച്ചു വരുന്നു. |
| (ബി) | വിനോദസഞ്ചാര വികസനത്തിൽ സ്വകാര്യമേഖലയുടെ പങ്കാളിത്തം മെച്ചപ്പെടുത്തുന്നതിനുവേണ്ടി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം വ്യക്തമാക്കുമോ? | (ബി) | വിനോദ സഞ്ചാര മേഖലയിൽ സ്വകാര്യ മേഖലയുടെ പ്രാധാന്യം പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ടുള്ള വിവിധ ഇടപെടലുകളാണ് സർക്കാർ നടത്തിവരുന്നത്. സ്വകാര്യ മേഖലയുമായുള്ള നിരന്തര ആശയ വിനിമയത്തിനും പ്രശ്നപരിഹാരത്തിനും ഇത്തരം ഇടപെടലുകൾ സഹായിക്കും. ടൂറിസം മേഖലയിലേയ്ക്ക് സ്വകാര്യ സംരംഭകരെ ആകർഷിക്കുന്നതിന് ടൂറിസം നിക്ഷേപക സംഗമം സംഘടിപ്പിച്ചു. നിക്ഷേപക സന്നദ്ധത ലഭ്യമായതിൽ തുടർനടപടികൾ സ്വീകരിക്കുന്നു. ഇതിനായി പ്രത്യേക സംവിധാനം വകുപ്പിൽ തയ്യാറാക്കിയിട്ടുണ്ട്. ITB Berlin, WTM പോലുള്ള ടൂറിസം രംഗത്തെ മികച്ച അന്താരാഷ്ട്ര ടൂറിസം ട്രേഡ്ഷോകളിൽ കേരള ടൂറിസം ബ്രാൻഡിന്റെ കീഴിൽ പങ്കെടുക്കുവാനുള്ള അവസരം, കേരളത്തിൽ നടത്തപ്പെടുന്ന കേരള ട്രാവൽ മാർട്ട് പോലുള്ള പരിപാടികൾക്കുള്ള സഹായം മുതലായവ ഇവയിൽ ചിലതു മാത്രമാണ്. ഇതു കൂടാതെ കാരവൻ ടൂറിസം പോലെ തെരഞ്ഞെടുക്കപ്പെട്ട നൂതന ടൂറിസം പദ്ധതികളിൽ സബ്സിഡികൾ മുതലായവയും ലഭ്യമാക്കി വരുന്നുണ്ട്. 50 വർഷത്തിലേറെ പഴക്കമുള്ള പൈതൃക കെട്ടിടങ്ങളെ സംരക്ഷിക്കുന്നതിനു വേണ്ടി ഗൃഹസ്ഥലി എന്ന സ്കീമിലൂടെ ഇൻവെസ്റ്റ്മെന്റ് സബ്സിഡി നൽകി വരുന്നു. സംസ്ഥാനത്തെ ക്ലാസിഫൈഡ് ടൂറിസം സ്ഥാപനങ്ങൾക്ക് വൈദ്യുതി താരിഫ് ഇനത്തിൽ സബ്സിഡി അനുവദിക്കുന്ന പദ്ധതിയും നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ